ഉത്തരം

(എ) നിലവിലുണ്ട്.

(ബി ആന്റ് സി) 1-11-2003 മുതൽ ജനപങ്കാളിത്ത പദ്ധതിയിൽ വരുന്ന ജോലികൾക്ക് പുതുക്കിയ നിരക്കുകൾ നിലവിൽ വന്നിട്ടുണ്ട്.

ഡിപ്പോസിറ്റ് വർക്ക് പദ്ധതി

10 [166] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഡിപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം തുക അടച്ചതും എന്നാൽ പണി ആരംഭിക്കാത്തതും പണി പൂർത്തിയാക്കാത്തതുമായ എത്ര ജോലികളുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര രൂപ ബോർഡിൽ ഡിപ്പോസിറ്റ് ആയി ഉണ്ട്;

(സി) ഇതിൽ എം. പി. മാരുടെ ഫണ്ടിൽ നിന്നുമുള്ള തുക എത്ര; എം.എൽ.എ. മാരുടെ ഫണ്ടിൽ നിന്നുമുള്ള തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4220 എണ്ണം.

(ബി) 3330 ലക്ഷം രൂപ.

(സി) എം. പി. ഫണ്ടിൽ നിന്നുള്ള തുക - 211 ലക്ഷം രൂപ.
എം. എൽ. എ. ഫണ്ടിൽ നിന്നുള്ള തുക - 48 ലക്ഷം രൂപ.

(ഡി) 2956 ലക്ഷം രൂപ.

വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടകയിനത്തിൽ അധിക തുക ഈടാക്കുന്ന നടപടി

11 [167] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ താലൂക്കിലെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടകയിനത്തിൽ അധിക തുക ഈടാക്കുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ അധിക തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ആക്സിലറേറ്റഡ് പവർ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മീറ്ററിന്റെ ആമ്പിയർ റേറ്റിംഗ് അടിസ്ഥാനത്തിൽ വാടക തുക ഈടാക്കുന്ന നടപടിയായിരുന്നു നിലവിലുണ്ടായിരുന്നത്. ഇതനുസരിച്ച് മീറ്ററിൽ കാണിച്ചിരിക്കുന്ന ഉയർന്ന റേറ്റിംഗിന് ബോർഡ് നിയമ പ്രകാരം തുക ഈടാക്കിയതാണ് കാരണം. എന്നാൽ 1-1-2004 മുതൽ സിംഗിൾ ഫേസ് മീറ്ററിന് 10 രൂപയും 3 ഫേസ് മീറ്ററിന് 20 രൂപയും മുൻകാലങ്ങളിലെ പോലെ ഈടാക്കിയാൽ മതി എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

(ഇ) കണ്ണൂർ ഡിവിഷനുകീഴിൽ ഒന്നും, തലശ്ശേരി ഡിവിഷനു കീഴിൽ അഞ്ചും പരാതികൾ ലഭിച്ചു. ഉപഭോക്താക്കളുടെതല്ലാത്ത കാരണങ്ങളാലുള്ള വർദ്ധിച്ച മീറ്റർ ചാർജ് കുറവ് ചെയ്യണം എന്നപേക്ഷിച്ചുകൊണ്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(എഫ്) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് റിഫോംസ് പ്രോജക്ടിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

മിനിമം ഗ്യാരണ്ടി പദ്ധതി മുഖേനയുള്ള വൈദ്യുതി കണക്ഷൻ

12 [168] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മിനിമം ഗ്യാരണ്ടി പദ്ധതി മുഖേനയുള്ള എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly